**പതിമൂന്നാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1103** **11.02.2016 ലെ മറുപടിയ്ക്ക്**

## കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. സാജു പോൾ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ, എന്നു മുതൽക്കാണ് പ്രസ്തുത നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 01.04.2010 മുതൽ എല്ലാ സംസ്ഥാനങ്ങളിലും പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇത്തരം വിദ്യാലയങ്ങളുടെ വിശദാംശം ലഭ്യമാണോ ; | (ബി) പൊതുവിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരമില്ലാതെ വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് . വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല. |
| (സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ-അൺ എയ്ഡഡ് മേഖലയിൽ ഇതിനകം അനുവദിക്കപ്പെട്ട വിദ്യാലയങ്ങളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ; | (ഡി) സ.ഉ. (കൈ) നം. 114/2015/ പൊവിവ തീയതി 14.05.2015 പ്രകാരം 308 സ്കൂളുകൾക്കും സ.ഉ(കൈ) 282/2015/പൊവിവ തീയതി 09.11.2015 പ്രകാരം 87 സ്കൂളുകൾക്കും (ആകെ 395) അൺ എയ്ഡഡ് വിഭാഗത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഇ) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ? | (ഇ) അനംഗീകൃത വിദ്യാലയങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകാരം നൽകുന്നതുകൊണ്ട് മാത്രം സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ